**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5250** **04-07-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ ഓൺലൈൻ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ സ്ഥലം മാറ്റങ്ങൾ ഓൺലൈൻ മുഖേനെയാണോ നടപ്പാക്കുന്നതെന്നും എന്ന് മുതലാണ് പ്രസ്തുത സംവിധാനം നിലവിൽ വന്നതെന്നും വ്യക്തമാക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ സ്ഥലംമാറ്റങ്ങൾ നിലവിൽ ഓൺലൈൻ മുഖേനയാണ് നടപ്പാക്കുന്നത്. 2022 മുതലാണ് പ്രസ്തുത സംവിധാനം നിലവിൽ വന്നത്. |
| (ബി) | രജിസ്ട്രേഷൻ വകുപ്പിൽ അവസാനമായി ഇറങ്ങിയ ഓൺലൈൻ സ്ഥലം മാറ്റത്തിന്റെ കരടിൽ ഉൾപ്പെട്ട രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലെ സീനിയർ ക്ലാർക്കുമാർ ആരെല്ലാമായിരുന്നുവെന്നും പ്രസ്തുത കരട് പ്രകാരം ഒറിജിനൽ ഉത്തരവ് ഇറങ്ങിയിരുന്നോയെന്നും വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്നും ഉത്തരവ് എപ്പോൾ പ്രസിദ്ധീകരിക്കുമെന്നും അറിയിക്കാമോ; | (ബി) | രജിസ്ട്രേഷൻ വകുപ്പിൽ അവസാനമായി ഇറങ്ങിയ ഓൺലൈൻ സ്ഥലംമാറ്റത്തിന്റെ കരട് പട്ടികയിൽ ഉൾപ്പെട്ട രജിസ്ട്രേഷൻ ഐജി ഓഫീസിലെ സീനിയർ ക്ലർക്കുമാരുടെ പേര് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>പ്രസ്തുത കരട് പട്ടികയിന്മേൽ ജീവനക്കാർക്ക് ആക്ഷേപങ്ങൾ ഉന്നയിക്കാൻ സമയം അനുവദിച്ചിട്ടുള്ളതും, ലഭ്യമാകുന്ന ആക്ഷേപങ്ങൾ പരിശോധിച്ച് തീർപ്പാക്കിയതിനുശേഷം അന്തിമ ഉത്തരവ് പ്രസിദ്ധീകരിക്കുന്നതുമാണ്. |
| (സി) | പ്രസ്തുത കരട് പട്ടികയിൽ ഉൾപ്പെട്ട ഏതെല്ലാം സീനിയർ ക്ലാർക്കുമാരാണ് നിലവിൽ അതേ ഓഫീസുകളിൽ തുടരുന്നതെന്നും ഇവർക്കായി എന്തെങ്കിലും പ്രത്യേക ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ? | (സി) | കരട് പട്ടികയിൽ ഉൾപ്പെട്ട സീനിയർ ക്ലർക്കുമാർ നിലവിൽ അതേ ഓഫീസിൽ തന്നെയാണ് തുടരുന്നത്. കരട് പട്ടികയിന്മേൽ ആക്ഷേപങ്ങൾ സമർപ്പിക്കാനുള്ള കാലാവധി അവസാനിച്ചിട്ടില്ലാത്തതിനാൽ, ഇളവ് അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കരട് പട്ടികയിൽ ഉൾപ്പെട്ട, രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലെ സീനിയർ ക്ലർക്കുമാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. അനൂപ് ചന്ദ്രൻ
2. സംഗീത എസ് ആർ
3. രമേശൻ വി
4. ഷൈഖ സെയിൻ
5. മനു എസ് കുമാർ
6. ശാലിനി എൻ സി
7. സുനിൽകുമാർ വി എസ്
8. സജീർ എസ്
9. അബിന ജെ മണി
10. മനോജ് വി നായർ
11. സരിത എസ് എസ്
12. കലാധരൻ കെ എസ്
13. നിഷ സി ആർ
14. അജയഘോഷ്. എസ്
15. ഷീബ ആർ
16. ഷെറിൻ റോയ് സി.എസ്
17. സുസ്മിത എസ് ആർ
18. പ്രവീൺ എസ് ആർ
19. ജിജിൻ വി എസ്
20. രമ്യ പി എസ് നായർ

21. പാർവ്വതി വി എസ്

22. ലക്ഷ്മി ജി എസ്

23. ദീപ്തി സി എൽ

**സെക്ഷൻ ഓഫീസർ**